## വേണ്ട Bro

**ലഹരിമരുന്ന് വിൽപനയെക്കുറിച്ചുള്ള രഹസ്യവിവരം വാട്സ് ആപ് വഴിയും, ഫേസ്ബുക്ക് വഴിയും ഞങ്ങൾക്ക് കൈമാറാവുന്നതാണ്.**



രാഹുൽ ആർ നായർ ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി

7025390100

www.facebook.com/thrissurcitypolice

# വിദ്യാർഥികൾക്കു കഞ്ചാവ്: നാലു പേർ അറസ്റ്റിൽ

പാവറട്ടി • വിദ്യാർഥികൾക്കു കഞ്ചാവ് വിൽക്കാനെത്തിയ നാലംഗ സംഘത്തെ പാവറട്ടി പൊലീസ് അറസ്റ്റ് ചെയ്തു. വെങ്കിടങ്ങ് കരുവന്തല സ്വദേശികളായ രായംമരയ്ക്കാർ വീട്ടിൽ സാലിമീർ (25), എടക്കളത്തൂർ സെജോ (23), വലിയകത്ത് ഷാക്കിർ (19), ഏങ്ങണ്ടിയൂർ സ്വദേശി പോക്കാക്കില്ലത്ത് ഫാസിൽ (19) എന്നിവരാണ് അറസ്റ്റിലായത്.



വിദ്യാർഥികൾക്ക് കഞ്ചാവ് വിൽപന നടത്തിയ കേസിൽ അറസ്റ്റിലായവർ.

ഒരു സ്കൂളിന്റെ പരിസരത്തു നിന്നാണ് ഇവരെ ഇന്നലെ ഉച്ചയ്ക്ക് രഹസ്യ വിവരത്തെ തുടർന്ന് പിടികൂടിയത്. നാലു പേരിൽ നിന്നായി ഒരു കിലോയിലധികം കഞ്ചാവും പൊലീസ് കണ്ടെടുത്തു. എസ്ഐ അരുൺ ഷാ, ജൂനിയർ എസ്ഐ വി. വിനോദ്, എഎസ്ഐ ശിവദാസൻ, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ ആന്റോ ഫ്രാൻസിസ്, ബാബു, സിപിഒമാരായ പ്രശാന്ത്, കൃഷ്ണപ്രസാദ്, ജിതിൻ, രതീഷ്, പ്രതീഷ് എന്നിവരടങ്ങിയ സംഘമാണ് തന്ത്രപരമായി പ്രതികളെ കുടുക്കിയത്.

രണ്ടു ബൈക്കുകളിലായാണ് പ്രതികൾ വിദ്യാർഥികൾക്കു കഞ്ചാവ് നൽകാനെത്തിയത്. ഇവരുടെ ബൈക്കുകളും പൊലീസ് കസ്റ്റഡിയിലെടുത്തു. സാലിമീറാണ് കഞ്ചാവ് മൊത്തമായി കൊണ്ടുവരുന്നതെന്ന് പൊലീസ് പറഞ്ഞു. സെജോ ഇത് സൂക്ഷിക്കും. ഫാസിൽ, ഷാക്കിർ എന്നിവർ വഴിയാണ് വിദ്യാർഥികൾക്കിടയിൽ പ്രധാനമായും കഞ്ചാവ് വിൽപന നടത്തുന്നതെന്ന് പൊലീസ് പറഞ്ഞു. 25 ഗ്രാമിന്റെ ചെറിയ പൊതികളാക്കി 500 രൂപയ്ക്കാണ് വിൽപന. സാലിമീറിന് കഞ്ചാവ് നൽകുന്ന വൻകിട ഏജന്റുമാരെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ്.